# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 301 | 03.02.2020 ൽ മറുപടിയ്ക്ക് |
|---|---|
| **സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമായുള്ള സർവ്വേ** | |
| ചോദ്യം | മറുപടി |
| **ശ്രീ.ടി. വി. ഇബ്രാഹിം<br>,, എൻ. ഷംസുദ്ദീൻ<br>,, എം. സി. കമറുദ്ദീൻ<br>,, കെ.എം.ഷാജി** | **കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമായുള്ള സർവ്വേയിൽ ജാതി-മത വിവരങ്ങൾ ശേഖരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ) എല്ലാ വർഷവും ഈ വിവരങ്ങൾ എല്ലാം തന്നെയും വാർഷിക സർവ്വെയുടെ ഭാഗമായി അങ്കണവാടി വർക്കർമാർ ശേഖരിച്ചു വയ്ക്കുന്നുണ്ട്. ഈ വിവരങ്ങളാണ് സർക്കാരിന്റെ പല വകുപ്പുകൾക്കും ലഭ്യമാകുന്നതും. സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി അങ്കണവാടി വർക്കർമാർക്ക് സ്മാർട്ട് ഫോൺ അനുവദിക്കുകയും ഇത്തവണത്തെ വാർഷിക സർവ്വെ വിവരശേഖരണം, സ്മാർട്ട് ഫോണിലെ പ്രത്യേക ആപ്ലിക്കേഷനിലൂടെയാണ് (ICDS-CAS) നടത്തുന്നത്. വാർഷിക സർവ്വേയിൽ ഈ സർക്കാർ കൂട്ടതലായി ചോദ്യങ്ങൾ ഒന്നും തന്നെ ചേർത്തിട്ടില്ല. |
| ബി) ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടായിരിക്കുന്ന ആശങ്കകൾ ഇല്ലാതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | ബി) പത്ര മാധ്യമങ്ങളിൽ കൂടിയും നവമാധ്യമങ്ങളിൽ കൂടിയും ഇതിനെക്കുറിച്ചുള്ള വിശദീകരണം സർക്കാർ നൽകിയിട്ടുണ്ട്. കേരളത്തിലെ ഏറ്റവും പ്രചാരം കൂടിയ മൂന്ന് പത്രങ്ങളിൽ കൂടിയും സർവ്വേ സംബന്ധമായ വിശദീകരണം സർക്കാർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ